LIBRARY ARCHIVES Kerala Legislative Assembly

ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ

150 (1183) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014 മാർച്ച് 31-നുശേഷം ഇതുവരെ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

ലിസ്റ്റ് അനുബന്ധമായിചേർക്കുന്നു.*

ഭൂരഹിതർക്ക് വിതരണം ചെയ്യാനായി മാറ്റിവച്ച ഭൂമി

151 (1184) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൻ കീഴിൽ ഭൂരഹിതർക്ക് വിതരണം ചെയ്യാനായി മാറ്റിവച്ച ഭൂമി എത്ര പേർക്ക് വിതരണം ചെയ്തു ; ജില്ല തിരിച്ച് വിശദമാക്കാമോ ; അപേക്ഷകർക്കെല്ലാം വിതരണം ചെയ്യാനാവശ്യമായ ഭൂമി റവന്യൂ വകുപ്പിന്റെ കീഴിലുണ്ടോ ;

(ബി) സാമുദായികമായി പിന്നാക്കംനിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഭൂമി വിതരണങ്ങളിൽ പ്രത്യേക പരിഗണനയുണ്ടോ ?

ഉത്തരം

(എ) വീട് വയ്ക്കാൻ അനുയോജ്യമായ റവന്യൂ ഭൂമി, മിച്ചഭൂമി, അന്യംനിൽപ്പ് ഭൂമി, ബോട്ട്-ഇൻ-ലാൻഡ് തുടങ്ങിയ വിവിധയിനം സർക്കാർ ഭൂമികൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭൂമിയുടെ ലഭ്യതയനുസരിച്ച് വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടമായി 36,491 ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്നത് പ്രകാരം ഭൂമി അനുവദിച്ചിരുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.